# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII February 2018 No. 2


| | | |
|---|---|---|
| | **ARTICLES** | ***page*** |
| അഡ്വ. അബ്ദുള്ള സോണ | കൂടുതൽ ശക്തമായി പുതിയ ഉപഭോക്തൃ നിയമം [യോജന, 2018 ഫെബ്രുവരി] | 1-18 |
| ഡോ. മീനാ നായർ | പൗരാവകാശരേഖ രണ്ടു പതിറ്റാണ്ട് പിന്നിടുമ്പോൾ [യോജന, 2018 ഫെബ്രുവരി] | 19-26 |
| Ananth Krishnan | The Rise of A Science Superpower [India Today, 19 February, 2018 ] | 27-31 |
| Kundan Pandey | Immune to Accountability [Down to Earth, 16-28 February, 2018] | 32-34 |
| | **BOOK REVIEW** | |
| Michiel Baas | Quick Fix to 'Explaining India' 'The Superfast Primetime Ultimate Nation : The Relentless Invention of Modern India' written by Adam Roberts [Economic & Political Weekly, February 3, 2018] | 35-41 |
| | **LEGISLATIVE BUSINESS** | |
| | Resume of Business transacted during the 13th Session of the 16th Lok Sabha | 42-55 |

FOCUS



# കൂടുതൽ ശക്തമായി പുതിയ ഉപഭോക്തൃ നിയമം

**അഡ്വ. അബ്ദുള്ള സോണ**

ഇന്ത്യയിലെ ഉപഭോക്താക്കളുടെ മാഗ്നാ കാർട്ട എന്നു വിശേഷിപ്പിക്കാവുന്ന 1986-ലെ ഉപഭോക്തൃ സംരക്ഷണനിയമം റദ്ദാക്കികൊണ്ട് പുതിയ നിയമം കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നു. ഉപഭോക്തൃ സംരക്ഷണത്തിനായി ഏർപ്പെടുത്തിയ വിവിധ ഏജൻസികളുടെ അലകും പിടിയും മാറ്റിക്കൊണ്ടുള്ള സമഗ്ര നിയമപരിഷ്കരണമാണ് കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രി രാം വിലാസ് പസ്വാൻ 2015 ആഗസ്റ്റ് 10-ന് ലോകസഭയിൽ അവതരിപ്പിച്ച ബില്ല് ലക്ഷ്യമിടുന്നത്. ബില്ലിന്റെ വ്യവസ്ഥകളെക്കുറിച്ച് പരാമർശിക്കുന്നതിന് മുമ്പ് 1986-ലെ ഉപഭോക്തൃ സംരക്ഷണനിയമം ഇന്ത്യയിൽ നിർമ്മിക്കാനുള്ള സാഹചര്യം, ലോക ഉപഭോക്തൃ സംരക്ഷണ നിയമചരിത്രത്തിലെ സുപ്രധാനമായ സംഭവങ്ങൾ, അവ എങ്ങനെയാണ് മെച്ചപ്പെട്ട ഉപഭോക്തൃസംസ്കാരം രൂപപ്പെടുത്തിയത് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. 2017 ലെ ശീതകാല സമ്മേളനത്തിനുമുമ്പ് കേന്ദ്ര മന്ത്രിസഭ ബില്ലിന് അംഗീകാരം നല്കുകയുണ്ടായി.

## ഉപഭോക്തൃസംരക്ഷണം ഇന്ത്യയിൽ

ഉപഭോക്തൃസംരക്ഷണം വളരെ പണ്ടു മുതൽ തന്നെ ഇന്ത്യയിൽ നാഗരികതയുടെ ഭാഗമായിരുന്നു. പ്രജകളുടെ ക്ഷേമമായിരുന്നു ഭരണാധികാരികളുടെ പ്രധാന ലക്ഷ്യം. ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ജീവിതത്തെ പരിപോഷിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ക്രമീകരിക്കുന്നതിനും ഏറെ തത്പരരായിരുന്നു അന്നത്തെ ഭരണാധികാരികൾ. പൂഴ്ത്തി വെയ്പ്പും, കരിഞ്ചന്തയും അനുചിത വ്യാപാര തന്ത്രങ്ങളും കൗടില്യന്റെ കാലം മുതൽ തന്നെ നിയമവിരുദ്ധമായിരുന്നു. അതിന് കഠിനശിക്ഷയും നൽകിയിരുന്നു.

ബ്രിട്ടീഷ് ഭരണം പഴയ നിയമ വ്യവസ്ഥകൾ മാറ്റി മറിച്ചു ഐക്യരൂപത്തിലും ആധുനികവുമായ ബ്രിട്ടീഷ് നിയമവ്യവസ്ഥ ഇന്ത്യയിൽ കൊണ്ടുവന്നു. 1872-ലെ കരാർ നിയമം, 1930-ലെ Sale of Goods Act, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമം,



1940–ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് എന്നിവയെല്ലാം ഇന്ത്യയിലെ ഉപഭോക്തൃ സംരക്ഷണത്തിന് അടിസ്ഥാനമിട്ട സുപ്രധാന നിയമങ്ങളായിരുന്നു. ഇതിൽ 'Sale of Goods Act' പിന്നീടുണ്ടായ ഉപഭോക്തൃ സംരക്ഷണ നിയമങ്ങളുടെ സുപ്രധാന ഉറവിടമായിരുന്നു.

1986–ലെ ഉപഭോക്തൃ സംരക്ഷണ നിയമം പാസ്സാക്കുന്നതുവരെ ഉപഭോക്താക്കളുടെ അവകാശപ്രമാണമായിരുന്നു ഈ നിയമം. 1955–ലെ അവശ്യ സാധന നിയമം, 1954 –ലെ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമം, 1976–ലെ അളവുതൂക്കനിയമം എന്നീ സ്വാതന്ത്ര്യാനന്തരനിയമ നിർമ്മാണങ്ങളെല്ലാം ഉപഭോക്താക്കളുടെ അവകാശ സംരക്ഷണമാണ് ലക്ഷ്യമിട്ടത്.

കരാർ നിയമവും ക്രിമിനൽ നിയമവും കൂടാതെ 'Civil Wrong Act' അനുസരിച്ചുള്ള അവകാശങ്ങളും അന്നും ഇന്ത്യയിലുണ്ടായിരുന്നു. എന്നാൽ, ഉത്പാദകന്റെയും വ്യാപാരിയുടെയും അശ്രദ്ധ ഉപഭോക്താവ് തെളിയിക്കണമെന്ന പരമ്പരാഗതമായ നിയമ തത്വം വലിയ തെളിവു ബാദ്ധ്യതയാണ് പരാതിക്കാരനായ ഉപഭോക്താവിൽ ചുമത്തിയത്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ പരാതികളും അധികം ഉണ്ടായില്ല. 1914 മുതൽ 1965 വരെയുള്ള അരനൂറ്റാണ്ടുകാലം 613 Civil Wrong കേസുകൾ മാത്രമേ ഇന്ത്യയിലെ അപ്പീൽ കോടതികളുടെ തീർപ്പിനായി എത്തിയുള്ളൂ! യാഥാസ്ഥിതികമായ ഈ നിയമപരികൽപ്പനകളാണ്, ലളിതവും ചെലവുകുറഞ്ഞതും സത്വരവുമായ നീതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയെ ഭരണാധികാരികളെ ബോധ്യപ്പെടുത്തിയത്.

**പാവപ്പെട്ടവന്റെ നിയമം**

ചെലവില്ലാതെ ഉപഭോക്താവിനു നീതി ലഭിക്കുന്നു എന്നതു കൊണ്ടുതന്നെയാണ് ഉപഭോക്തൃ സംരക്ഷണ നിയമം ജനപ്രിയമായത്. രാജ്യത്ത് രൂപംകൊണ്ട ഉപഭോക്തൃ പ്രസ്ഥാനങ്ങൾ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിനെ പാവപ്പെട്ടവന്റെ നിയമം ആക്കി. പ്രാചീനകാലം മുതൽ ഇന്ത്യയിൽ നിലനിന്ന ഉപഭോക്തൃസംരക്ഷണത്തിന് ഈ നിയമം പുതിയമാനവും ചക്രവാളവും നൽകി.



കള്ളപ്പണവും ചെറുനാഴിയും കള്ളത്തരങ്ങളൊന്നുമില്ലാത്ത ഒരു മാവേലി നാടിനെ ജനങ്ങൾ സ്വപ്നം കണ്ടു. നിയമത്തിലുള്ള ഉപഭോക്താക്കളുടെ ഈ വിശ്വാസമാണ് പരാതികളുടെ മലവെള്ളപ്പാച്ചിൽ തന്നെ ഉപഭോക്തൃഫോറങ്ങളിൽ അക്കാലത്തുണ്ടായതിന് കാരണമായത്.

Civil Wrong നിയമ വ്യവസ്ഥയുടെയും കരാർ നിയമത്തിന്റെയും സമന്വയം ഇന്ത്യയുടെ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ നമുക്ക് കാണാൻ കഴിയും. സർക്കാർ സ്ഥാപനമെന്നോ സ്വകാര്യ സ്ഥാപനമെന്നോ വ്യത്യാസമില്ലാതെ സേവനത്തിലെ ന്യൂനതയ്ക്ക് നഷ്ടപരിഹാരത്തിനായി ഫോറത്തെ സമീപിക്കാൻ കഴിയുന്ന അവസ്ഥ ഉപഭോക്തൃ നീതി എന്ന ആശയം രാജ്യത്ത് ശക്തിപ്പെടുന്നതിന് കാരണമായി. ഉപഭോക്തൃഫോറത്തിനു നൽകുന്ന കത്ത് പരാതിയായി സ്വീകരിച്ച് നടപടിയെടുക്കുന്ന അവസ്ഥ രാജ്യത്ത് ഉണ്ടായി. അഭിഭാഷകന്റെ സഹായമില്ലാതെ, സാങ്കേതിക സ്വഭാവത്തിന്റെ നൂലാമാലകൾ ഇല്ലാതെ, പരാതിക്കാരനു തന്നെ കേസ്സു നടത്താം എന്നത് സാധാരണക്കാരുടെ ആശ്രയമായി രാജ്യത്തെ ഉപഭോക്തൃ ഫോറങ്ങളെ മാറ്റി. ഉപഭോക്തൃസംരക്ഷണ നിയമം കൊളുത്തിവിട്ട നിയമ വിപ്ലവം രാജ്യത്ത്, ഉപഭോക്തൃ സംസ്ക്കാരത്തിന്റെ പുതിയ യുഗത്തിനു തന്നെ നാന്ദികുറിച്ചു.

ഉപഭോക്തൃ സാക്ഷരതക്കും ഉപഭോക്തൃ നിയമത്തിന്റെ നടപ്പാക്കലിനും കേന്ദ്ര സർക്കാർ മുൻഗണന നൽകി കർമ്മപദ്ധതിക്ക് രൂപം നൽകാൻ 2003-ലെ ആസൂത്രണ കമ്മീഷൻ നിർദ്ദേശിച്ചു. ജനവിശ്വാസം ആർജ്ജിച്ച ഉപഭോക്തൃ വേദികളിലേക്ക് പതിനായിരക്കണക്കിന് ഉപഭോക്തൃപരാതികൾ ഒഴുകിയെത്തി. 2004 ജൂൺ മാസത്തിൽ 3,59,469 കേസ്സുകളാണ് രാജ്യത്തെ വിവിധ ഫോറങ്ങളിലായി പരിഗണനയിലിരുന്നത്. എന്നാൽ നിലവിൽ 3,72,378 കേസുകൾ തീർപ്പിനായി കാത്തുകിടക്കുന്ന ദുരവസ്ഥ പുതിയ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് കാരണമായി.

**ക്ഷേമരാഷ്ട്രം- ഭരണഘടനാ ലക്ഷ്യം**

സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ നീതി എല്ലാ പൗരന്മാർക്കും സാധ്യമാക്കുക എന്നതാണ് ലക്ഷ്യമെന്ന് ഭരണഘടനയുടെ ആമുഖം



പ്രഖ്യാപിക്കുന്നു. ക്ഷേമരാഷ്ട്രമെന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ പൗരസഞ്ചയത്തിനു നീതി ലഭ്യമാക്കുക എന്നത് സുപ്രധാനമാണ്. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഓരോ പൗരനും ഉപഭോക്താവാണ്. ഉപഭോക്താവിനു നീതി ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ഭരണകൂടങ്ങളുടെ ഭരണഘടനാപരമായ ബാദ്ധ്യതയുമാണ്.

**1988-ലെ ഉപഭോക്തൃസംരക്ഷണനിയമത്തിലെ സുപ്രധാന വ്യവസ്ഥകൾ :**

(1) കുറഞ്ഞ ചെലവിൽ, ലളിതമായ നടപടി ക്രമങ്ങളിലൂടെ അതിവേഗം നീതി ഉറപ്പുവരുത്തുകയാണ് ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ ലക്ഷ്യം.

(2) ഉപഭോക്താവിന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനായി ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ രൂപീകരിക്കുന്നു. ജില്ലാ-സംസ്ഥാന-ദേശീയ തലത്തിലാണ് കൗൺസിലുകൾ പ്രവർത്തിക്കുക.

(3) ജില്ലാ-സംസ്ഥാന-ദേശീയതലത്തിൽ ഉപഭോക്തൃ കോടതികൾ രാജ്യത്ത് സ്ഥാപിച്ചു.

(4) കാലവിളംബം ഒഴിവാക്കാനായി പരാതിയുടെ നടപടികൾ പൂർത്തിയാക്കാൻ ഓരോ ഘട്ടത്തിലും സമയക്രമം വ്യവസ്ഥ ചെയ്തു.

(5) കുറഞ്ഞ വ്യവഹാര ചെലവ്.

(6) അടിയന്തിര സാഹചര്യങ്ങളിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാം.

(7) ഉപഭോക്താവിന്റെ പരാതികൾ മാത്രം കേൾക്കും.

(8) അഭിഭാഷകൻ വേണമെന്ന് നിർബന്ധമില്ല.

(9) സംസ്ഥാന കമ്മീഷനും, ദേശീയ കമ്മീഷനും വിചാരണ കോടതികളാണ്. അതോടൊപ്പം അപ്പീൽ, റിവിഷൻ അധികാരങ്ങളുമുണ്ട്.

(10) ദേശീയ കമ്മീഷനു മാത്രമേ സ്വന്തം ഉത്തരവ് പുനഃപരിശോധിക്കാനുള്ള റിവ്യൂ അധികാരം നൽകിയിട്ടുള്ളൂ.

(11) നഷ്ടപരിഹാരമായി ആവശ്യപ്പെടുന്ന തുക ഒരു ലക്ഷം വരെയെങ്കിൽ 100 രൂപയും ഒരു കോടിക്ക് മുകളിലാണെങ്കിൽ 5,000 രൂപയുമാണ് കോർട്ട് ഫീസ് ഒടുക്കേണ്ടത്.



(12) സാധനങ്ങളുടെയും സേവനങ്ങളുടെയും ന്യൂനതയുമായി ബന്ധപ്പെട്ട പരാതികൾ ഉപഭോക്തൃകോടതികളിൽ സമർപ്പിക്കാം.

(13) സേവനത്തിലെ മേന്മ, സ്വഭാവം എന്നിവയിൽ നിശ്ചിത നിലവാരമില്ലാതെ വന്നാലും ഫോറങ്ങളെ സമീപിക്കാം.

(14) ഉത്പന്നത്തെക്കുറിച്ച് തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ പരസ്യം ചെയ്താൽ പരാതി നൽകാം.

(15) അനുചിതമായ കച്ചവടരീതി അവലംബിക്കുന്നുവെന്നു കണ്ടാലും ഉപഭോക്താവിന് ഫോറത്തെ സമീപിക്കാം.

**2015-ലെ ഉപഭോക്തൃസംരക്ഷണ ബില്ലിന്റെ സവിശേഷതകൾ :**

ഉപഭോക്തൃസംരക്ഷണ (ഭേദഗതി) ബിൽ യു.പി.എ. സർക്കാർ 2011 നവംബർ 2-ന് ലോകസഭയിൽ അവതരിപ്പിച്ചുവെങ്കിലും അത് പാസ്സാക്കാൻ കഴിഞ്ഞില്ല. സഭ പിരിഞ്ഞുപോയതോടെ ബില്ല് അസാധുവാകുകയും ചെയ്തു. പുതിയ സർക്കാർ ലോകസഭയിൽ അവതരിപ്പിച്ച ബില്ലിൽ ഏഴ് അദ്ധ്യായങ്ങളും, 87 ക്ലോസ്സുകളുമാണുള്ളത്. 87-ാമത്തെ ക്ലോസിലൂടെ, 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം റദ്ദാക്കുന്നു. ബില്ലിന്റെ അദ്ധ്യായം ഒന്നിൽ പ്രാഥമികം ആയി ചുരുക്കപ്പേരും ബാധകമാകുന്ന പ്രദേശങ്ങളും ഉത്ഭവവും വിശദീകരിക്കുന്നു. നിർവ്വചനങ്ങൾ ആണ് രണ്ടാം ഭാഗത്ത്. ഉപഭോക്തൃ സംരക്ഷണ കൗൺസിലുകളെക്കുറിച്ചാണ് മൂന്നാം അദ്ധ്യായം. പുതിയ ബില്ലിന്റെ ചില പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു.

(1) കമ്പോളങ്ങളിലുണ്ടായ മാറ്റങ്ങൾക്കനുസൃതമായി ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് നിയമത്തിന്റെ വ്യാപ്തി വിശാലമാക്കുകയും ആധുനീകരിക്കുകയും ചെയ്യുന്നതിനാണ് പുതിയ നിയമം ലക്ഷ്യമിടുന്നത്.

(2) ഉപഭോക്താവ് എന്ന നിർവചനത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചുകൊണ്ട് ടെലിഷോപ്പിംഗ്, ഡയറക്ട് സെല്ലിങ്, മൾട്ടി ലെവൽ മാർക്കറ്റിംഗ് എന്നീ നവ വിപണനരീതികളെയും നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.



(3) പരാതി, തുടർ നടപടിക്കായി ഫയലിൽ സ്വീകരിക്കാവുന്നതാണോ എന്നു പരിശോധിക്കാനുള്ള സമയപരിധി 28 ദിവസമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ സമയപരിധിക്കുള്ളിൽ തീരുമാനമുണ്ടായില്ലെങ്കിൽ പരാതി ഫയലിൽ സ്വീകരിച്ചതായി നിയമം അനുമാനിക്കുന്നു. പക്ഷേ അറിയിപ്പുകിട്ടിയിട്ടും കമ്മീഷൻ മുമ്പാകെ ഹാജരാകാൻ പരാതിക്കാരൻ തയ്യാറാകുന്നില്ലെങ്കിൽ ഈ ആനുകൂല്യം ലഭിക്കില്ല.

(4) ജില്ലാ ഫോറത്തിൽ നിലവിൽ പ്രസിഡന്റും രണ്ടംഗങ്ങളുമാണുള്ളത്. ഈ പരിമിതി ഒഴിവാക്കിക്കൊണ്ട് അംഗസംഖ്യ എത്രവേണമെങ്കിലും നിർണ്ണയിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകിയിരിക്കുന്നു.

(5) പുനഃപരിശോധനാ കമ്മീഷനുകളുടെ ഉത്തരവിനെതിരെ 30 ദിവസത്തിനകം പുനഃപരിശോധനാ ഹർജി അതത് കമ്മീഷനുകൾക്കുതന്നെ നൽകാം. അപ്പീൽ നൽകാനുള്ള സമയപരിധിയും 30 ദിവസമാണ്. രണ്ടു വർഷം കഴിഞ്ഞ് സമർപ്പിക്കപ്പെടുന്ന പരാതികൾക്ക് കാലഹരണ ദോഷമുണ്ട്.

(6) വിധി നടപ്പിലാക്കാനായി എതിർ കക്ഷിയുടെ വസ്തുവകകൾ ജപ്തി ചെയ്യാനുള്ള അധികാരം കമ്മിഷനുകൾക്കുണ്ട്. അങ്ങനെ ജപ്തി ചെയ്ത വസ്തുവകകൾ വിറ്റ് പണം പരാതിക്കാരന് നൽകാനും കമ്മീഷനുകൾക്ക് ഉത്തരവിടാം.

(7) പ്രസിഡന്റിനെ കൂടാതെ സംസ്ഥാന കമ്മീഷനിൽ മിനിമം നാലുപേരെങ്കിലും അംഗങ്ങളായി ഉണ്ടാകണം. അതിലൊരാൾ വനിതയായിരിക്കണം. കൂടിയ അംഗസംഖ്യ എത്രയായിരിക്കണമെന്ന് തീരുമാനിക്കുവാനുള്ള അധികാരം അതാത് സർക്കാരുകൾക്ക് നൽകിയിരിക്കുന്നു.

(8) ദേശീയ കമ്മീഷനിൽ പ്രസിഡന്റിനെ കൂടാതെ മിനിമം 15 പേർ അംഗങ്ങളായിരിക്കണം. ഒരാൾ വനിതയായിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗം, പിന്നോക്ക സമുദായം, ന്യൂനപക്ഷ സമുദായം എന്നീ വിഭാഗങ്ങളിൽ നിന്നു ഓരോ അംഗങ്ങൾ വീതവും ഉണ്ടായിരിക്കണം. അംഗസംഖ്യയുടെ പരിധി തീരുമാനിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിനാണ്.



(9) കമ്മീഷനുകളിൽ സമർപ്പിക്കപ്പെടുന്ന പരാതികളും അപ്പീലുകളും പരമാവധി വേഗത്തിൽ തീർപ്പു കൽപ്പിക്കണം. അവ ഫയലിൽ സ്വീകരിച്ച് 90 ദിവസത്തിനകം തീർപ്പാക്കാൻ ശ്രമിക്കുകയും വേണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

**കേന്ദ്ര ഉപഭോക്തൃസംരക്ഷണ അതോറിറ്റി**

പുതിയ ബില്ലിലെ സുപ്രധാനമായ സവിശേഷത കേന്ദ്ര- ഉപഭോക്തൃ സംരക്ഷണ അതോറിറ്റി രൂപികരിക്കുന്നുവെന്നതാണ്. ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കാനും അത് നടപ്പിലാക്കുവാനുമുള്ള എക്സിക്യൂട്ടീവ് ഏജൻസി എന്ന നിലയിലാണ് ബില്ല് അതോറിറ്റിയെ വിഭാവനം ചെയ്യുന്നത്. സുരക്ഷിതമല്ലാത്തതും ജീവനും സ്വത്തിനും അപായകരവുമായ ഉത്പ്പന്നങ്ങളും സേവനങ്ങളും വിപണിയിൽ എത്തുന്നതിനെ തടഞ്ഞുകൊണ്ട് ഉപഭോക്താക്കളുടെ അവകാശം സംരക്ഷിക്കാനും അതോറിറ്റിക്ക് ചുമതലയുണ്ട്. അനുചിതമായ കച്ചവടതന്ത്രം തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ പരസ്യങ്ങൾ എന്നിവയ്ക്കെതിരെ പരാതിയുടെ അടിസ്ഥാനത്തിലും സ്വമേധയായും അന്വേഷണം നടത്താനും നടപടി സ്വീകരിക്കാനും അതോറിറ്റിക്ക് അധികാരമുണ്ട്. രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ ഉപഭോക്താവിന് പരാതി നൽകാം. അതാത് ജില്ലാ കളക്ടർക്കോ റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി കമ്മീഷണർക്കോ കേന്ദ്ര അതോറിറ്റിക്കോ പരാതി നൽകാം. 30 ദിവസത്തിനകം പരാതിയിൽ തീർപ്പു കൽപ്പിക്കണം. ഉത്തരവ് നടപ്പിലാക്കാത്തവർക്കെതിരെ 25,000 രൂപ മുതൽ ഒരു ലക്ഷം രൂപവരെ പിഴ ചുമത്താൻ അതോറിറ്റിക്ക് അധികാരമുണ്ട്. പരമാവധി പിഴ തുക പത്ത് ലക്ഷം വരെയാകാം. അതോറിറ്റിയുടെ ഉത്തരവ് നടപ്പിലാക്കാതെയിരിക്കുകയും പിഴ അടയ്ക്കാതിരിക്കുകയും ചെയ്യുന്നവർക്ക് ആറു മാസം വരെ തടവും ഇരുപത് ലക്ഷം രൂപ പിഴയും രണ്ടും കൂടിയോ ശിക്ഷ വിധിക്കാൻ അതോറിറ്റിക്ക് അധികാരമുണ്ട്.

**ഉപഭോക്തൃകമ്മീഷനുകൾ**

നാലാം അദ്ധ്യായത്തിൽ ഉപഭോക്തൃതർക്ക പരിഹാര ഏജൻസികളെക്കുറിച്ച് വിശദീകരിക്കുന്നു. ജില്ലാ ഉപഭോക്തൃ ഫോറത്തിന്റെ പേര് കമ്മീഷൻ എന്നാക്കി



മാറ്റി. ജില്ലാ കമ്മീഷനിൽ പ്രസിഡന്റും രണ്ടിൽ കുറയാത്ത അംഗങ്ങളും ഉണ്ടായിരിക്കും. അതിൽ ഒരാൾ വനിതയായിരിക്കണം. പ്രസിഡന്റിന്റെയും അംഗങ്ങളുടെയും നിയമനം സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന പ്രധാനമായ ഒരു മാറ്റം ഈ ബില്ലിലുണ്ട്. നിലവിലുള്ള നിയമത്തിൽ സർക്കാരിന് മേൽക്കൈ ലഭിക്കുന്ന സെലക്ഷൻ കമ്മിറ്റിയാണ് നിയമന ശുപാർശ നൽകിയിരുന്നത്. നിലവിലെ സംവിധാനത്തെ സംബന്ധിച്ച് നിരവധി പരാതികളും വ്യവഹാരങ്ങളും ഉണ്ടായ സാഹചര്യത്തിൽ ഈ പരിഷ്കാരം സ്വാഗതാർഹമാണ്. ജില്ലാ കമ്മീഷനുകളുടെ അധികാര പരിധി ഇരുപത് ലക്ഷത്തിൽ നിന്നും അമ്പത് ലക്ഷമായി വർദ്ധിച്ചു. 50 ലക്ഷം വരെയോ തർക്ക വസ്തുവിന്റെ മൂന്നിരട്ടിവരെയോ ആയിരിക്കും ജില്ലാ കമ്മീഷന്റെ അധികാര പരിധി. സംസ്ഥാന കമ്മീഷന്റെ അധികാരപരിധി ഒരു കോടി വരെയോ തർക്ക വസ്തുവിന്റെ മൂന്നിരട്ടിവരെയോ ആണ്. ഒരു കോടിക്കു മുകളിലുള്ള കേസുകളിൽ ദേശീയ കമ്മീഷൻ വാദം കേൾക്കും.

**പരാതി സമർപ്പിക്കാൻ**

ഉപഭോക്താക്കൾക്ക് ഏറെ ഗുണകരമായ ഒരു മാറ്റം ഈ ബില്ലിലുള്ളത്, ഉപഭോക്താവിന്റെ താമസസ്ഥലത്തോ തൊഴിലെടുക്കുന്നിടത്തോ ഉള്ള ജില്ലാ ഉപഭോക്തൃ കമ്മീഷനിൽ കേസ് ഫയൽ ചെയ്യാം എന്നതാണ്. മോട്ടോർ വാഹന അപകട ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുന്നതുപോലെ ഈ വ്യവസ്ഥ ഏറെ ഉദാരമാക്കിയിരിക്കുന്നു. ഉദാഹരണത്തിന്, ഡൽഹി ആസ്ഥാനമായ കമ്പനിയിൽ നിന്നും വാങ്ങിയ സാധനത്തിന്റെ ന്യൂനതയെ സംബന്ധിച്ച് കേസ് കൊടുക്കാൻ ഉപഭോക്താവ് താമസിക്കുന്ന ജില്ലയിൽ കമ്പനിയുടെ പ്രവർത്തിക്കുന്ന ഒരു ബ്രാഞ്ച് ഉണ്ടാവണം. അങ്ങനെയില്ലെങ്കിൽ ഡൽഹിയിൽ പോയി കേസ് ഫയൽ ചെയ്യേണ്ടിവരും. ഉപഭോക്താക്കൾ നേരിടുന്ന ഈ ബുദ്ധിമുട്ട് ഒഴിവാക്കി കൊണ്ട് ഉപഭോക്താവ് താമസിക്കുന്ന, പ്രവർത്തിക്കുന്ന സ്ഥലത്ത് കേസ് ഫയൽ ചെയ്യാനുള്ള അവകാശം ഈ ബില്ല് വ്യവസ്ഥ ചെയ്യുന്നു. (സമാനമായ ഭേദഗതി ചെക്കു കേസ്സുകളെ സംബന്ധിച്ചും സമീപകാലത്തുണ്ടായി).



**ഓൺലൈൻ വഴി പരാതി നൽകാം**

ഓൺലൈൻ കച്ചവടം സജീവമായ ഈ കാലഘട്ടത്തിൽ ഉപഭോക്താക്കളുടെ അവകാശസംരക്ഷണത്തിന് ഏറെ പ്രാധാന്യം നൽകുന്നതാണ് ഈ വ്യവസ്ഥ. കമ്മീഷനുകളിൽ നേരിട്ടു ചെല്ലാതെ തന്നെ ഓൺലൈനായി പരാതികൾ സമർപ്പിക്കാൻ കഴിയുന്നുവെന്നത് പുതിയ ബില്ലിന്റെ സവിശേഷതയാണ്.

**മീഡിയേഷൻ**

അഞ്ചാമത്തെ അദ്ധ്യായത്തിൽ മീഡിയേഷനെ സംബന്ധിച്ച വ്യവസ്ഥകളാണുള്ളത്. ജില്ലാ-സംസ്ഥാന-ദേശീയ തലങ്ങളിലെ കമ്മീഷനുകൾക്കനുബന്ധമായി മീഡിയേഷൻ സെല്ലുകൾ സ്ഥാപിക്കാൻ ബില്ല് വ്യവസ്ഥ ചെയ്യുന്നു. മാദ്ധ്യസ്ഥ ശ്രമങ്ങൾക്ക് നിയമപരമായ സംരക്ഷണം നൽകുക എന്ന ആഗോളതലത്തിൽ തന്നെയുള്ള പ്രവണതയാണ് ബില്ല് സ്വീകരിച്ചത്.

**ഉത്പന്നബാദ്ധ്യത**

ഉപഭോക്താവിന് നൽകുന്ന സാധനത്തിലോ സേവനത്തിലോ ഉത്പന്നത്തിലോ ന്യൂനത ഉണ്ടെങ്കിൽ അതിന് നഷ്ടപരിഹാരം നൽകേണ്ടത് ഉത്പാദകന്റെ/വില്പക്കാരന്റെ ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കുന്ന Product Liability എന്ന ആശയം ബില്ലിൽ അവതരിപ്പിക്കുന്നു.

നിർമ്മാണത്തിലോ, രൂപകല്പനയിലോ, സേവനത്തിലോ, പരിശോധനയിലോ, വില്പനയിലോ ഉണ്ടാകുന്ന അപാകതകൾ മൂലം ഒരു വ്യക്തിക്കോ അയാളുടെ വസ്തു വകകൾക്കോ നഷ്ടമുണ്ടായാൽ നിർമ്മാതാവ് ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണം.

**സേവനത്തിലെ ന്യൂനത**

എതിർകക്ഷിയുടെ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തിമൂലം ഉപഭോക്താവിന് നഷ്ടം സംഭവിച്ചാൽ അത് സേവനത്തിലെ ന്യൂനതയായി കണക്കാക്കാം. നിലവിലുള്ള നിയമത്തിലെ2(1)(g) വകുപ്പ് നിലനിർത്തികൊണ്ട് തന്നെ ന്യൂനത എന്താണെന്ന് വിശദീകരിച്ചിരിക്കുന്നു. പ്രസക്തമായ വസ്തുതകൾ ബോധപൂർവ്വം ഉപഭോക്താവിൽ നിന്ന് മറച്ചു വയ്ക്കുന്നത് സേവനത്തിന്റെ ന്യൂനതയാണ്. ഉദാഹരണത്തിന്, ഭക്ഷ്യ വസ്തുവിൽ മാംസം ഉൾക്കൊള്ളുന്നുവെന്ന



വിവരം ഉത്പാദകൻ മറച്ചുവച്ചാൽ അത് സേവനത്തിന്റെ ന്യൂനതയായി കണക്കാക്കാം. ശസ്ത്രക്രിയ നടത്തുന്നതിനു മുമ്പ് ഡോക്ടർ പ്രസക്തമായ വസ്തുതകൾ രോഗികളോട് വെളിപ്പെടുത്താതിരിക്കുന്നതും സേവനത്തിലെ ന്യൂനതയാണ്.

**അനുചിത വ്യാപാരതന്ത്രം** (Unfair Trade Practice)

ഏതെങ്കിലും സേവനത്തിലോ വസ്തുക്കളുടെ വിപണനത്തിലോ വിതരണത്തിലോ അനുചിതമായ കച്ചവടരീതി അവലംബിക്കുകയോ കബിളിപ്പിക്കുകയോ ചെയ്യുക മുതലായ പ്രവർത്തികൾ അനുചിത കച്ചവട രീതിയാണ് ബില്ലിൽ വ്യക്തമാക്കുന്നു. ഏതെങ്കിലും ഉത്പന്നങ്ങളുടെ ഗുണഗണങ്ങൾ തെറ്റായി അവതരിപ്പിക്കുന്നതും തെറ്റിദ്ധരിപ്പിക്കുന്നതും ഇതിന്റെ പരിധിയിൽ വരും.

**അനുചിത കരാർ** (Unfair contract)

ഉപഭോക്താവിന് അനുചിതമായ വ്യവസ്ഥകൾ കരാറിൽ ഉണ്ടെങ്കിലും അതിൽ ഇടപെടാൻ നിലവിലുള്ള നിയമപ്രകാരം ഉപഭോക്തൃ കോടതികൾക്ക് അധികാരമില്ല. എന്നാൽ നിർദ്ദിഷ്ട നിയമത്തിൽ ഉപഭോക്താവിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ അന്യായമായ ബാദ്ധ്യതയോ ഉപാധിയോ ചാർജ്ജോ കരാറിൽ ഏർപ്പെടുത്തുന്നത് അനുചിത കരാറാണ്. അതു കൂടാതെ വൻതുക സെക്യൂരിറ്റി നിക്ഷേപമായി നല്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യുക, ന്യായമായ കാരണമില്ലാതെ കരാറിൽ നിന്ന് ഒരു കക്ഷിക്ക് ഏകപക്ഷീയമായി പിൻവാങ്ങാൻ അവകാശമുണ്ടെന്ന് കരാറിൽ വ്യവസ്ഥ ചെയ്യുക തുടങ്ങിയവ അനുചിത കരാറായി കണക്കാക്കാം. ഈ വിലയിരുത്തൽ അപൂർണ്ണമാണ്. ഈ നിയമവുമായി ബന്ധപ്പെട്ടവരുടെ സജീവമായ ഇടപെടലിലൂടെ സമ്പൂർണ്ണവും സമഗ്രവുമായ നിയമമാക്കി ഇതിനെ മാറ്റാനുള്ള ശ്രമത്തിന് തുടക്കം കുറിക്കുക മാത്രമാണ് ലക്ഷ്യം.

മൂന്നു പതിറ്റാണ്ടാകുന്ന ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ നടപ്പാക്കലിൽ നിന്നും സ്വാംശീകരിച്ച അനുഭവങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം



പുതിയ നിയമ നിർമ്മാണം ഉണ്ടാകേണ്ടത്. ഈ പ്രായോഗിക സമീപനം നിർദ്ദിഷ്ട ബില്ലിലെ പല വ്യവസ്ഥകളിലും കാണുന്നില്ല എന്ന ആക്ഷേപം നിലനില്ക്കുന്നു. നിരക്ഷരരും ദരിദ്രരും ആയ ജനകോടികൾ ഉള്ള ഒരു രാജ്യത്ത്, അവരെ മുന്നിൽ കണ്ടുവേണം നിയമനിർമ്മാണം നടത്തേണ്ടത്. അത്തരത്തിലുള്ള നിയമമായിരിക്കും ജനകീയമാവുന്നത്.

**നിലവിലുള്ള ഉപഭോക്തൃ നിയമം : ഉപഭോക്താവിന്റെ പരാതികൾ എങ്ങനെ പരിഹരിക്കാം ?**

**ഒരു ഉപഭോക്താവാണോ ? സ്വയം അറിയുക !**

വില നൽകിയോ വില നൽകാമെന്ന് വാഗ്ദാനം ചെയ്തോ സാധനങ്ങളും സേവനങ്ങളും വാങ്ങുന്ന ഏതൊരാളും ഉപഭോക്തൃസംരക്ഷണ നിയമത്തിനു കീഴിൽ വരുന്നുണ്ട്. സേവനം എന്നതു കൊണ്ട് സേവനം തന്നെയാണ് ലക്ഷ്യമാക്കുന്നത്. ഉദാഹരണമായി, വില കൊടുത്ത് ഒരു ഗ്രൈന്ററോ മിക്സിയോ വാങ്ങുന്നു. അല്ലെങ്കിൽ വൈദ്യുതി ഉപയോഗിക്കുന്നു. അതുമല്ലെങ്കിൽ ബാങ്കിടപാട് നടത്തുന്നു. ടിക്കറ്റെടുത്ത് ബസ്സിലോ ട്രെയിനിലോ വിമാനത്തിലോ യാത്ര ചെയ്യുന്നു - ഇങ്ങനെ പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കാത്ത സർവ്വ ഇടപാടുകളും ഉപഭോക്തൃ നിയമത്തിന്റെ കീഴിൽ വരുന്നുണ്ട്. മാത്രമല്ല, ഒരു ബാങ്കിൽ നിന്ന് ലോണിന് അപേക്ഷ നല്കി അതിൽ തീരുമാനമാകാതെ ഇരിക്കുന്ന ഒരാൾ പോലും പൊട്ടൻഷ്യൽ കൺസ്യൂമർ വിഭാഗത്തിൽ വരും. സർക്കാരിൽ നിന്ന് ഫണ്ട് ഉപയോഗിച്ച് ചെയ്യപ്പെടുന്നതായ നിർമ്മാണ പ്രവർത്തനങ്ങൾ യാതൊരു ന്യായീകരണവും നീതീകരണവുമില്ലാതെ നിഷേധിക്കപ്പെട്ടാൽ ആ സേവനവും ഉപഭോക്തൃ നിയമത്തിന്റെ കീഴിൽ വരുന്നു.

ഒരു യാത്രക്കാരൻ ടിക്കറ്റെടുത്ത് റയിൽവേ പ്ലാറ്റ്ഫോമിലെത്തിയാൽ അവിടെ വച്ചോ, തീവണ്ടിയിൽ വച്ചോ ഉണ്ടാകുന്നതായ അപകടം, സേവന നിഷേധം, സേവനത്തിലെ അപര്യാപ്തത, സീറ്റ്, ബർത്ത് എന്നിവ നിഷേധിക്കൽ തുടങ്ങിയവയെല്ലാം തന്നെ ഉപഭോക്തൃ നിയമത്തിന്റെ കീഴിൽ ചോദ്യം ചെയ്യപ്പെടാവുന്ന കാര്യങ്ങളാണ്. ഇൻഷുറൻസ്, ആശുപത്രി, വിദ്യാഭ്യാസം



തുടങ്ങി എല്ലാ പ്രതിഫലം നൽകുന്നതായ സേവനങ്ങളും ഉപഭോക്തൃ നിയമത്തിന്റെ കീഴിൽ വരുന്നതും പരാതിപ്പെടാവുന്നതുമാണ്. മേൽപറഞ്ഞതിനു സമാന്തരമായ സർവ്വതും ഇങ്ങനെ ഈ നിയമപ്രകാരം ചോദ്യം ചെയ്യപ്പെടാവുന്നതാണ്. എന്നാൽ സർക്കാരിൽ നിന്നും മറ്റും സൗജന്യമായി ലഭ്യമാകുന്ന ചികിത്സ പൂർണ്ണമായും ഈ നിയമത്തിനു കീഴിൽ വരുന്നതല്ല. ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് വിവിധതരം പരാതി പരിഹാര സംവിധാനങ്ങൾ നിലവിലുണ്ട്. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, ഡൽഹിയിൽ പ്രവർത്തിക്കുന്ന ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഉപഭോക്താവ്, രജിസ്റ്റർ ചെയ്ത ഒരു സന്നദ്ധ ഉപഭോക്തൃ സംഘടന, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, നിരവധി ഉപഭോക്താക്കളുടെ പൊതുവായ താത്പര്യം മുൻനിർത്തി അവർക്കുവേണ്ടി ഒന്നോ അതിലധികമോ ഉപഭോക്താക്കൾ എന്നിവർക്ക് പരാതി സമർപ്പിക്കാം.

**ലളിതമായ നടപടിക്രമങ്ങൾ**

ഉപഭോക്തൃ തർക്കം നടന്നതായ ജില്ലയിലോ ഭാഗികമായി നടന്ന ജില്ലയിലോ എതിർകക്ഷി താമസിക്കുന്ന സ്ഥലത്തോ എതിർകക്ഷി വക സ്ഥാപനത്തിന്റെ ബ്രാഞ്ച് സ്ഥിതിചെയ്യുന്ന സ്ഥലത്തോ സ്ഥിതി ചെയ്യുന്ന ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ തർക്ക സംഭവം നടന്ന് രണ്ടുവർഷം കഴിയുന്നതിനു മുമ്പ് പരാതി ഫയൽ ചെയ്യാവുന്നതാണ്. (മതിയായ കാരണമുണ്ടെങ്കിൽ ഫോറത്തിന് ഇക്കാര്യത്തിൽ ഇളവ് നൽകാവുന്നതാണ്.) പരാതി വെള്ളക്കടലാസിൽ ലളിതമായി എഴുതി, പകർപ്പുകൾ നേരിട്ട് സമർപ്പിക്കുകയോ തപാൽ മാർഗം അയക്കുകയോ ചെയ്യാം. പരാതിയിൽ അപേക്ഷകൻ അല്ലെങ്കിൽ അപേക്ഷകന്റെ മുഖ്യ ഏജന്റ് എന്നിവർക്ക് പരാതിക്കാരായി കേസ് ഫയൽ ചെയ്ത് കേസ് നടത്താവുന്നതാണ്. പരാതിക്കാരന്റെ പൂർണ്ണമായ പേരും മേൽവിലാസവും, എതിർകക്ഷിയുടെ/കക്ഷികളുടെ പേരും പൂർണ്ണമായ മേൽവിലാസവും, സാധനം വാങ്ങിയ/സേവനം ലഭിച്ച തീയതി, നൽകിയ പ്രതിഫലം/വില, സാധനങ്ങളാണെങ്കിൽ ഇനവും അളവും/തൂക്കവും,



സേവനമാണെങ്കിൽ അതിന്റെ സ്വഭാവം, പരാതിക്ക് ആസ്പദമായ കാരണത്തെപ്പറ്റി വിശദവും സംക്ഷിപ്തവുമായ വിവരണം, പരാതി തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ, ആവശ്യപ്പെടുന്ന നിവർത്തി, നഷ്ടപരിഹാരം, മറ്റു ചെലവുകൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം.

അഭിഭാഷകന്റെ സഹായമില്ലാതെ പരാതിക്കാരന് തനിയേ കേസ്സ് വാദിക്കാം. അഭിഭാഷകന്റെ സേവനം ആവശ്യപ്പെട്ടാൽ സൗജന്യമായി ലഭിക്കും. പരാതിയിന്മേൽ നാമമാത്രമായ ചെലവിൽ വേഗത്തിൽ പരിഹാരം ലഭിക്കും. ബി.പി.എൽ ലിസ്റ്റിലെ അന്ത്യോദയ അന്നയോജന കാർഡുള്ളവർക്ക് ഒരു ലക്ഷം രൂപ വരെ നഷ്ടപരിഹാരത്തിനുള്ള പരാതിക്ക് ഫീസ് നൽകേണ്ടതില്ല. അല്ലാത്തവർ നിശ്ചിത (പട്ടിക 1 നോക്കുക) ഫീസ് അപേക്ഷയോടൊപ്പം അടക്കം ചെയ്തു തപാലിലോ നേരിട്ടോ അതത് ജില്ലകളിലെ സീനിയർ സൂപ്രണ്ട്, സി.ഡി.ആർ.എഫ്. എന്ന വിലാസത്തിൽ എത്തിക്കണം. ഫീസ് ദേശസാത്കൃത ബാങ്കിന്റെ ക്രോസ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായോ പോസ്റ്റൽ ഓർഡറായോ ബന്ധപ്പെട്ട ഫോറത്തിന്റെ പ്രസിഡന്റിന്റെ പേരിലോ സംസ്ഥാന/ദേശീയ കമ്മീഷൻ രജിസ്ട്രാറുടെ പേരിലോ മാറാവുന്ന തരത്തിലാണ് സമർപ്പിക്കേണ്ടത്. 20 ലക്ഷം വരെ നഷ്ടപരിഹാരം നൽകുവാൻ ജില്ലാ ഫോറങ്ങൾക്കാണ് അധികാരം. 20 ലക്ഷം മുതൽ ഒരു കോടി വരെ നഷ്ടപരിഹാരം ലഭിക്കുവാൻ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലാണ് കേസ് ഫയൽ ചെയ്യേണ്ടത്. ഒരു കോടി മുതൽ മുകളിലോട്ടുള്ള നഷ്ടപരിഹാരക്കേസുകൾ ദേശീയ കമ്മീഷനിൽ ഫയൽ ചെയ്യാം . സംസ്ഥാന കമ്മീഷനിൽ നിന്നുള്ള അപ്പീലുകൾ ഫയൽ ചെയ്യേണ്ടത് ദേശീയ കമ്മീഷനിലാണ്. അവിടെനിന്നുള്ള ഫയലുകൾ സുപ്രീംകോടതിയിൽ വേണം ഫയൽ ചെയ്യുവാൻ.

അപ്പീലുകൾ ബന്ധപ്പെട്ട ഫോറത്തിന്റെ/കമ്മീഷന്റെ വിധി ലഭിച്ച് 30 ദിവസത്തിനകം ഫയൽ ചെയ്യണം. അർഹതപ്പെട്ട കേസുകളിൽ സമയ പരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഒരു കേസിൽ ഒരു അപ്പീൽ മാത്രമേ നൽകാൻ കഴിയൂ. രണ്ടാമത് അപ്പീൽ ഇല്ല. ആദ്യപരാതിയുടെ നടപടിക്രമങ്ങൾ തന്നെയാണ് അപ്പീലിനുമുള്ളത്. പരാതിക്കാരന്റെ അപ്പീലിന് ഫീസ് ഒടുക്കേണ്ടതില്ല.



എതിർകക്ഷിയാണ് അപ്പീൽ ഫയൽ ചെയ്യുന്നതെങ്കിൽ ഫോറം/കമ്മീഷൻ വിധിച്ച നഷ്ടപരിഹാര തുകയുടെ 50% മോ അല്ലെങ്കിൽ 25,000 രൂപയോ (ഏതാണ് കുറവ് ആ തുക) അപ്പീൽ കോടതിയിൽ അടച്ചിരിക്കണം. ഏത് ഉത്തരവിനെതിരെയാണ് അപ്പീൽ നൽകുന്നത് ആ ഉത്തരവിന്റെ അസ്സലും, അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കാരണങ്ങളും അപ്പീലിനോടൊപ്പം സമർപ്പിക്കണം.

ഉപഭോക്തൃ ഫോറത്തിലേയും കമ്മീഷനിലെയും നടപടികൾ ലളിതവും വേഗത്തിലുമാണ് നടക്കുക. മറ്റു കോടതികളിലേതുപോലെ സാങ്കേതികത്വം ഇവിടെയില്ല. ഉപഭോക്താക്കളെ സഹായിക്കാൻ കേന്ദ്ര ഉപഭോക്തൃ കൗൺസിലും സംസ്ഥാന ഉപഭോക്തൃ കൗൺസിലും, ജില്ലാ ഉപഭോക്തൃ കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ കൗൺസിൽ ചെയർമാനും ജില്ലാ സപ്ലൈ ഓഫീസർ സെക്രട്ടറിയും എം.എൽ.എമാർ അംഗങ്ങളുമാണ്.

വ്യക്തിപരമായതല്ല, പൊതു ഉപഭോക്തൃ പ്രശ്നമാണെങ്കിൽ ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിലിൽ പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

പട്ടിക 1

| പരാതികൾ സമർപ്പിക്കുമ്പോൾ നൽകേണ്ട ഫീസ് | |
|---|---|
| **ആവശ്യപ്പെടുന്ന നഷ്ടപരിഹാരം** | **ഫീസ്** |
| 1 ലക്ഷം രൂപ വരെ | 100 രൂപ |
| 1 ലക്ഷത്തിനുമേൽ 5 ലക്ഷം രൂപ വരെ | 200 രൂപ |
| 5 ലക്ഷത്തിനുമേൽ 10 ലക്ഷം രൂപ വരെ | 400 രൂപ |
| 10 ലക്ഷത്തിനുമേൽ 20 ലക്ഷം രൂപ വരെ | 500 രൂപ |
| 20 ലക്ഷത്തിനുമേൽ 50 ലക്ഷം രൂപ വരെ | 2000 രൂപ |
| 50 ലക്ഷത്തിനുമേൽ 1 കോടി രൂപ വരെ | 4000 രൂപ |
| 1 കോടി രൂപയ്ക്കു മുകളിൽ | 5000 രൂപ |

**ഉപഭോക്തൃ കോടതികളിൽ നിന്നും ലഭിക്കുന്ന നിവർത്തികൾ**

കേസ് തെളിവെടുത്ത് വാദം കേട്ട് ഫോറവും കമ്മീഷനും ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. സാധനങ്ങളുടെ ന്യൂനത പരിഹരിച്ചു തരുവാനും



പുതിയ സാധനങ്ങൾ നൽകാനും സേവനത്തിനുള്ള ന്യൂനതയ്ക്കും അപമര്യാദയായ ഇടപാടിനും നഷ്ടപരിഹാരവും പലിശയും ചെലവും നൽകാൻ എതിർകക്ഷിയോട് ഉത്തരവിടുന്നു. മറ്റു കമ്മീഷനുകൾ പോലെ സർക്കാരിലേക്ക് ശുപാർശ ചെയ്യുകയല്ല ഇവിടെ ചെയ്യുന്നത്. കോടതികളെപ്പോലെ വിധിന്യായം പുറപ്പെടുവിക്കുകയാണ്. ഫോറത്തിലെയോ കമ്മീഷനിലെയോ വിധി പാലിക്കാത്തവരെ 2002 ലെ ഭേദഗതി പ്രകാരം 27-ാം വകുപ്പ് അനുസരിച്ച് മൂന്നു വർഷം വരെ തടവോ 10000 രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ നൽകാൻ ഇവർക്ക് അധികാരമുണ്ട്. മാത്രമല്ല 25-ാം വകുപ്പ് പ്രകാരം വിധി പാലിക്കാത്തവരുടെ സ്വത്തുക്കൾ കണ്ട് കെട്ടുവാനും കളക്ടറോട് റവന്യൂ റിക്കവറി നടത്താനും ഉത്തരവിടാൻ അധികാരമുണ്ട്. അടിയന്തിര ഘട്ടത്തിൽ എതിർഭാഗം വാദം കേൾക്കാതെത്തന്നെ എക്സ്പാർട്ടിയായി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാനും അധികാരമുണ്ടായിരിക്കും.

**ഫോറങ്ങളും കമ്മീഷനും പുറപ്പെടുവിച്ച ചില പ്രധാന ഉത്തരവുകൾ**

• എയ്ഡ്സ് രോഗമില്ലാത്ത ഗർഭിണിക്ക് എയഡ്സ് രോഗമുണ്ടെന്ന് തെറ്റായി കണ്ടെത്തിയ കേസ്സിൽ ചികിത്സിച്ച ഡോക്ടർക്കെതിരെ ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാനും ഡോക്ടറുടെ ചികിത്സാ രജിസ്ട്രേഷൻ റദ്ദാക്കുവാനും ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് നിർദ്ദേശിച്ചുകൊണ്ടു ഉത്തരവിട്ടു.

• തൊഴിൽ സംരംഭകനായ യുവാവിന് ലോൺ നൽകാതെ രണ്ടു വർഷം നടത്തിച്ചതിന് ദേശസാത്കൃത ബാങ്കിനോട് അമ്പതിനായിരം രൂപ നഷ്ടപരിഹാരം നൽകുവാനും നഷ്ടം ബാങ്ക് മാനേജരുടെ കയ്യിൽ നിന്നും ഈടാക്കുവാനും ഉത്തരവിട്ടു.

• തെങ്ങിൽ നിന്നും വീണ് തളർന്ന് കിടപ്പിലായ കർഷകത്തൊഴിലാളിക്ക് ഇൻഷുറൻസ് നിഷേധിച്ചതിൽ ഒരു ലക്ഷം രൂപ ഇൻഷുറൻസ് തുകയായും 25000 രൂപ നഷ്ടപരിഹാരമായും നൽകാൻ ഉത്തരവിട്ടു.

• സാരി കേടുവന്നത് തിരിച്ചെടുക്കാതിരുന്ന വസ്ത്ര വ്യാപാരിയോട് വസ്ത്രം തിരികെയെടുത്ത് പകരം പുതിയത് നൽകുവാനും നഷ്ടപരിഹാരം നൽകുവാനും ഉത്തരവിട്ടു.



• ഇടതു കണ്ണിന് ചികിത്സിച്ചു വലതു കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുത്തിയ ഡോക്ടറോട് രണ്ടു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാനും കോടതിച്ചെലവ് നൽകുവാനും ഉത്തരവിട്ടു.

• ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടും നൽകാതിരുന്ന കോഴിക്കോട് സർവ്വകലാശാലയോട് ഒരാഴ്ചയ്ക്കകം സർട്ടിഫിക്കറ്റ് നൽകുവാനും നഷ്ടപരിഹാരം നൽകുവാനും ഉത്തരവിട്ടു.

• ഗ്യാസ് ആവശ്യപ്പെട്ടാൽ 15 ദിവസത്തിനകം നൽകണമെന്നും ഗ്യാസ് കണക്ഷന്റെ കൂടെ സ്റ്റൗ വാങ്ങുവാൻ നിർബന്ധിക്കരുതെന്നും കമ്പനികളോട് ഉത്തരവിട്ടു.

• കാഡ്ബറീസ് ചോക്ലേറ്റ് വാങ്ങി തുറന്നു നോക്കിയപ്പോൾ പുഴുവിനെ കണ്ട കേസിൽ കാഡ്ബറീസ് കമ്പനി 25000 രൂപ നഷ്ടപരിഹാരം നൽകുവാനും കമ്പനിയെ പ്രോസിക്യൂട്ട് ചെയ്യുവാനും ഉത്തരവിട്ടു.

• തംസപ്പ് വാങ്ങിയതിന്റെ കൂടെ നൽകിയ കൂപ്പൺ പൂരിപ്പിച്ച് നൽകിയിട്ടും പരസ്യത്തിൽ വാഗ്ദാനം ചെയ്ത ടാറ്റാ സഫാരി കാർ നൽകാതിരുന്ന കൊക്കോകോള കമ്പനിയോട് കേസ്സിൽ 10 ലക്ഷം രൂപ നൽകാൻ ഉത്തരവിടുകയുണ്ടായി.

• എറണാകുളത്തെ ഒരു പ്രമുഖ ഷോപ്പിനു മുമ്പിൽ കാർ പാർക്ക് ചെയ്യുന്നതിന് 500 രൂപ ഫീസ് വാങ്ങുകയും വസ്ത്രങ്ങളൊന്നും വാങ്ങിയില്ലെങ്കിൽ തുക തിരികെ കൊടുക്കുകയില്ലെന്നുമുള്ള വസ്ത്ര വ്യാപാരിയുടെ നടപടിക്കെതിരെ അങ്ങനെ വാങ്ങുന്നത് നിരോധിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. സാധനങ്ങൾ വാങ്ങാൻ ആളുകളെ നിർബന്ധിക്കാൻ പാടില്ലായെന്നും ഉത്തരവിട്ടു.

• വ്യാജപരസ്യങ്ങൾ നൽകുന്ന മരുന്നു കമ്പനികൾക്ക് എതിരെയും ഭക്ഷ ണത്തിൽ മായം ചേർക്കുന്നവർക്കെതിരെയും സാമ്പിൾ എടുത്ത് പരിശോധിച്ച് മൂന്നു മാസത്തിനകം റിപ്പോർട്ട് കമ്മീഷനിൽ ഹാജരാക്കുവാൻ സംസ്ഥാന ആരോഗ്യവകുപ്പ് സെക്രട്ടറിയോടും ഡ്രഗ്സ് കൺട്രോളറോടും ഫുഡ് കമ്മീഷണറോടും നിർദ്ദേശിച്ചു കൊണ്ട് ഉത്തരവിട്ടു.



പട്ടിക 2

**ഉപഭോക്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ചു വാങ്ങുക.
- അളവും തൂക്കവും ശരിയാണെന്ന് ബോദ്ധ്യപ്പെടുക.
- ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ പ്രവർത്തനം ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു വാങ്ങുക.

പായ്ക്ക് ചെയ്ത സാധനങ്ങൾ വാങ്ങുമ്പോൾ ഉത്പന്നത്തിന്റെ പേര്, പായ്ക്ക് ചെയ്ത രീതി, നിർമ്മാതാവിന്റെ/വിതരണക്കാരന്റെ പൂർണ്ണമായ മേൽവിലാസം, സാധനത്തിന്റെ തൂക്കം, ഭക്ഷണസാധനം ആണെങ്കിൽ കാലാവധി കഴിയുന്ന തീയതി, പരമാവധി ചില്ലറ വില്പന വില എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുക.

ഉപഭോക്തൃതർക്ക പരിഹാരനിയമം കാലാനുസൃതമായി വളർന്ന് വികസിച്ചിരിക്കുന്നു. ഈ സാമൂഹ്യ നിയമത്തിൽ സ്ത്രീകളുടെ പങ്ക് സുപ്രധാനമാണ്. ഗൃഹസ്ഥ എന്ന് മലയാളത്തിലും ഹൈനസ് വൈഫ് എന്ന് ഇംഗ്ലീഷിലും വിശേഷിപ്പിക്കുന്ന വീട്ടമ്മമാർ നേരിടുന്ന എല്ലാ പ്രശ്നങ്ങളും ഈ നിയമത്തിലൂടെ പരിഹാരം നേടത്തക്കതാണ്. ജീവിതത്തിലെ എല്ലാ രംഗങ്ങളിലും നാം നേരിടുന്ന പ്രശ്നങ്ങൾ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ പ്രതിപാദിക്കുന്നവയാണെന്നർത്ഥം.

ഏതൊരു ഉപഭോക്താവിനും ഏതൊരു സേവനത്തെയും സംബന്ധിച്ച് വിവരം നൽകുവാൻ വ്യാപാരികളോ, ഉത്പാദകരോ ബാദ്ധ്യസ്ഥരാണ്. ഉപഭോക്താവിനോട് മാന്യമായി പെരുമാറാത്ത സംഭവങ്ങളും ഉപഭോക്തൃനിയമത്തിലെ അപമര്യാദകരമായ വ്യാപാര ഇടപാട് എന്ന വകുപ്പു പ്രകാരം ഉപഭോക്താവിന് നഷ്ടം നല്കേണ്ടുന്ന കൃത്യവിലോപമാണ്. ഉപഭോക്താവിന് വേണമെങ്കിൽ ഏതൊരു സാധനവും വാങ്ങുന്നതിന് മുമ്പ് പരിശോധിക്കാവുന്നതാണ്. ഓട്ടോറിക്ഷ വിളിച്ചാൽ വരാതിരിക്കൽ, മീറ്ററിനേക്കാൾ കൂടുതൽ പൈസ വാങ്ങൽ, ചികിത്സാ സംബന്ധമായ രേഖകളുടെ പകർപ്പുകൾ ആശുപത്രികളും, ഡോക്ടർമാരും തരാതിരിക്കൽ, റെയിൽവേ സ്റ്റേഷൻ, എയർ പോർട്ട് എന്നിവിടങ്ങളിൽ നിയമാനുസൃത ടിക്കറ്റുമായി ചെന്നാൽ യാത്രയോ, സീറ്റോ/ബർത്തോ നിഷേധിക്കൽ തുടങ്ങി എല്ലാ പ്രശ്നങ്ങളുമായും ബന്ധപ്പെട്ട് ഉപഭോക്തൃ ഫോറങ്ങളെയും കമ്മീഷനുകളെയും സമീപിക്കാവുന്നതാണ്.

FOCUS



ചുരുക്കത്തിൽ സ്വതന്ത്ര ഭാരതത്തിൽ പാർലമെന്റ് പാസ്സാക്കി നടപ്പിലാക്കിയിട്ടുള്ള ഏറ്റവും സുപ്രധാനമായതും ജനോപകരമായതുമായ രണ്ടു നിയമങ്ങളാണ് ഉപഭോക്തൃ സംരക്ഷണ നിയമവും വിവരാവകാശ നിയമവുമെന്ന് ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ.

ഉപഭോക്താവില്ലെങ്കിൽ വ്യാപാരികൾക്കും, ഉല്പാദകർക്കും നിലനിൽക്കാനാവില്ല എന്നോർക്കുന്നത് നന്നായിരിക്കും. ജോൺ എഫ് കെന്നഡിയാണ് ലോകത്തിൽ ആദ്യമായി 1952 -ൽ ഉപഭോക്തൃ സംരക്ഷണ നിയമം പാസാക്കിയത്. 1987 ലാണ് നമ്മുടെ രാജ്യത്ത് ആദ്യമായി ഉപഭോക്തൃ സംരക്ഷണ നിയമം പാസ്സാക്കിയത്.

**യോജന**

**ഫെബ്രുവരി 2018.**

FOCUS



## പൗരാവകാശരേഖ രണ്ടു പതിറ്റാണ്ട് പിന്നിടുമ്പോൾ

**ഡോ. മീനാ നായർ**

ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട സേവനങ്ങളും, ആനുകൂല്യങ്ങളും, അവകാശങ്ങളും നേടിയെടുക്കാൻ ഗവൺമെന്റ് ഓഫീസുകളുടെ ഇടനാഴികളിലൂടെയുള്ള ഒരു ശരാശരി ഇന്ത്യൻ പൗരന്റെ പ്രയാണം കാഠിന്യം നിറഞ്ഞതും നിരാശാജനകവുമാണ്. ഈ സാഹചര്യത്തിൽ തങ്ങളുടെ ആവശ്യങ്ങൾ നേടാൻ സാധാരണ ജനങ്ങൾ ഇടനിലക്കാരുടെ സേവനം തേടുന്നു. അധികാര ഇടനാഴികളിലെ സ്ഥിരം സാന്നിദ്ധ്യമായ ഈ ഇടനിലക്കാർ, വലിയ തുകകൾ ആവശ്യക്കാരിൽ നിന്നും ഈടാക്കുകയും ചെയ്യും. സാധാരണ ജനങ്ങൾക്ക്, വിവിധ വകുപ്പുകളുടെ നടപടി ക്രമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്, ഇത്തരത്തിലുള്ള സ്ഥിതി വിശേഷത്തിന്റെ പ്രധാന കാരണം. വകുപ്പുകളുടെ പ്രവർത്തനങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ ഗവൺമെന്റുകൾ തയ്യാറാകാത്തതും മറ്റൊരു കാരണമാണ്.

നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ഈ അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം ലക്ഷ്യമിട്ടാണ് 1990-കളിൽ 'പൗരാവകാശരേഖ'യ്ക്ക് രൂപം നൽകിയത്. പൗരന്മാർക്ക് അവരുടെ അവകാശങ്ങൾ നേടുന്നതിനും, പരാതികൾ പരിഹരിക്കുന്നതിനും, കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനും, ഈ പൗരാവകാശ രേഖ എത്രത്തോളം ഫലപ്രാപ്തിയിലെത്തി എന്നുള്ളത് പരിശോധി ക്കപ്പെടേണ്ടതാണ്. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലയളവിൽ വളരെ പ്രധാനപ്പെട്ട രണ്ട് നിയമങ്ങൾക്ക് ഗവൺമെന്റ് രൂപം നൽകി. 'വിവരാവകാശ നിയമവും', 'പൊതു സേവനാവകാശ നിയമവും'. ഈ രണ്ട് നിയമങ്ങളും സാധാരണ പൗരന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, വിവരാവകാശം എന്നത് നിയമവിധേയമാക്കുന്നതിനും സഹായിച്ചു. അതേസമയം തന്നെ പൗരാവകാശരേഖയുടെ പ്രാധാന്യം കൂടുതൽ പ്രസക്തമാകുന്നതും നമുക്ക് കാണാൻ സാധിച്ചു. പൗരാവകാശരേഖ ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും വീണ്ടും പരിചയപ്പെടുത്തുകയും, അതിന്റെ പ്രാധാന്യം വിശദീകരിക്കുകയും ചെയ്യേണ്ടതിന്റെ സമയം അതിക്രമിച്ചിരിക്കുകയാണ്.



**പൗരാവകാശരേഖയുടെ പരിണാമ ചരിത്രം:**

ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ജോൺ മേജർ തന്റെ രാജ്യത്തെ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുമായി ശക്തമായ നിയമം വേണ്ടതിന്റെ ആവശ്യകത യെക്കുറിച്ച് മനസ്സിലാക്കി. അങ്ങനെ ആദ്യമായി 'സിറ്റിസൺ ചാർട്ടർ' എന്ന പേരിൽ പൗരാവകാശ സംരക്ഷണം ലക്ഷ്യമിട്ട് ഒരുനയത്തിന് 1991-ൽ ബ്രിട്ടീഷ് ഗവൺമെന്റ് രൂപം നൽകി. ഈ നയത്തെ അടിസ്ഥാനമാക്കി ഗവൺമെന്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു സേവന ദാതാക്കൾ ചില മൗലിക പ്രവർത്തന തത്വങ്ങൾക്കും രൂപം നൽകി. താഴെപറയുന്ന ചില അടിസ്ഥാന പ്രമാണങ്ങൾ, സ്ഥാപനങ്ങൾ അവരുടെ നയത്തിൽ ഉൾപ്പെടുത്തി. അവ ചുവടെ:

- സുതാര്യമായ പ്രവർത്തന രീതി അവലംബിക്കുക.
- ഉപഭോക്താക്കളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കുക
- ഉപഭോക്താക്കൾക്ക് ഉചിതമായവ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം പ്രോത്സാഹിപ്പിക്കുക.
- എല്ലാവർക്കും നീതിപൂർവ്വമായി സേവനങ്ങൾ ലഭ്യമാക്കുക.
- തെറ്റുപറ്റിയാൽ കാലതാമസം കൂടാതെ വീഴ്ച പരിഹരിച്ച് പ്രവർത്തനം ശരിയായ രീതിയിൽ ആക്കുക.
- വിഭവങ്ങളെ ഫലപ്രദമായി വിനിയോഗിക്കുക
- സേവനരംഗത്ത് നവീകരണവും മെച്ചപ്പെടുത്തലും നടപ്പാക്കുക.
- മറ്റ് സേവന ദാതാക്കളുമായി ചേർന്ന് പ്രവർത്തിക്കുക.

ബ്രിട്ടണിൽ നടപ്പിലാക്കിയ പൗരാവകാശ സംരക്ഷണ നിയമത്തിന്റെ ചുവടുപിടിച്ച്, മറ്റ് രാജ്യങ്ങളിലും സമാനമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ബെൽജിയം, ഫ്രാൻസ്, സ്പെയിൻ, മലേഷ്യ, പോർച്ചുഗൽ, ജമൈക്ക, കാനഡ, ആസ്ട്രേലിയ എന്നീ രാജ്യങ്ങൾ പൗരാവകാശ നിയമത്തിന് രൂപം നല്കി.



നമ്മുടെ രാജ്യത്ത് പൗരാവകാശരേഖ എന്ന ആശയം ആദ്യമായി അവതരിപ്പിക്കപ്പെട്ടത് 1994–ലാണ്. ന്യൂഡൽഹിയിൽ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ കൗൺസിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ, ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് പൗരാവകാശരേഖയുടെ ആദ്യ രൂപം അവതരിപ്പിച്ചത്. ആരോഗ്യ മേഖലയിലെ സേവനദാതാക്കൾ പാലിക്കുന്നതിനുള്ള രേഖയാണ് അന്ന് അവതരിപ്പിച്ചത്. ഈ ആശയത്തിന് പരക്കെ അംഗീകാരം ലഭിച്ചു. തുടർന്ന് 1997–ൽ നടന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ, കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ജനങ്ങളോടുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത ദൃഢപ്പെടുത്തുന്നതിനും ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകി. ഈ പദ്ധതിയാണ് ഇന്ത്യയിൽ പൗരാവകാശ രേഖ യാഥാർത്ഥ്യമാകാൻ കാരണമായത്. പൊതുജനങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തുന്ന മന്ത്രാലയങ്ങളിലും, വകുപ്പുകളിലും, ഏജൻസികളിലും പൗരാവകാശ രേഖ രൂപീകരിക്കുന്നതിന് ഈ പദ്ധതി വഴിയൊരുക്കി, കേന്ദ്ര ഭരണപരിഷ്കാര പരാതി പരിഹാരവകുപ്പിനായിരുന്നു (DARPG) പൗരാവകാശരേഖ സംബന്ധിച്ചുള്ള നയരൂപീകരണത്തിന്റെ ചുമതല.

**പൗരാവകാശരേഖയുടെ നിർവ്വചനം**

ഒരു പൗരന് ഗവൺമെന്റ് വകുപ്പുകളിൽ നിന്നോ സേവനദാതാക്കളിൽ നിന്നോ ലഭിക്കാവുന്നതും ലഭിക്കാനർഹതപ്പെട്ടതുമായ സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്ന രേഖയാണ് പൗരാവകാശരേഖ. സമയബന്ധിതമായി ജനങ്ങൾക്ക് ഈ സേവനങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, കൃത്യമായ വിവരങ്ങൾ കൈമാറുന്നതിനും, ഗവൺമെന്റ് വകുപ്പുകൾക്ക് ജനങ്ങളോടുള്ള പ്രതിബദ്ധത ഉറപ്പുവരുത്തുന്നതിനുമുള്ള വ്യവസ്ഥകൾ പൗരാവകാശരേഖയിൽ പ്രതിപാദിച്ചിരിക്കുന്നു. സ്ഥാപനങ്ങൾക്ക് അവരുടെ കടമകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ജനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളെക്കുറിച്ചും രേഖയിൽ വിവരിക്കുന്നുണ്ട്.



എല്ലാ പൗരന്മാരുടെയും ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കപ്പെടും എന്ന് ഉറപ്പു വരുത്തുന്നതിനായി ഉപഭോക്തൃ സംഘടനകളോടും പൗരാവകാശ കൂട്ടായ്മകളോടും രേഖയുടെ നിർമ്മാണവേളയിൽ അതീവ ശ്രദ്ധ പതിപ്പിക്കണമെന്നും, ഉചിതമായ ഇടപെടലുകൾ നടത്തണമെന്നും DARPG നിർദ്ദേശം നൽകിയിരുന്നു.

പൗരാവകാശരേഖയുടെ രൂപീകരണം നടത്തുമ്പോൾ, വിവിധ വകുപ്പുകളും ഏജൻസികളും പൊതുവായി ഉൾപ്പെടുത്തേണ്ട 6 ഘടകങ്ങളെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.

-ദർശനവും, ദൗത്യവും, ലക്ഷ്യങ്ങളും

-വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖല

-ഇടപാടുകാരെക്കുറിച്ചുള്ള വിശദാംശങ്ങൾ

-ഓരോ ഇടപാടുകാർക്കും നൽകുന്ന സേവനങ്ങൾ.

-പരാതിപരിഹാരത്തിനുള്ള നടപടിക്രമങ്ങളും പ്രവർത്തന രീതികളും

-ഉപഭോക്താക്കളിൽ നിന്നും ഇടപാടുകാരിൽ നിന്നും വകുപ്പ് പ്രതീക്ഷിക്കുന്ന കാര്യങ്ങൾ.

കേന്ദ്ര ഭരണ പരിഷ്കാര പരാതി പരിഹാരവകുപ്പിന്റെ കണക്കനുസരിച്ച് കേന്ദ്ര ഗവൺമെന്റ് വിവിധ വകുപ്പുകളിലായി 144 പൗരാവകാശരേഖകൾ രൂപീകരിച്ചതായാണ് റിപ്പോർട്ട്. ഇത് 2013-ലെ കണക്കാണ്. ഇന്ന് പല പൊതു മേഖലാ ബാങ്കുകളും സംയോജനത്തിന്റെ ഭാഗമായി ഇല്ലാത്തതിനാൽ ഈ കണക്കിൽ ചില മാറ്റങ്ങൾ ഉണ്ടാകും. സംസ്ഥാന ഗവൺമെന്റുകളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 2011 വരെ 729 പൗരാവകാശരേഖകൾ ഉള്ളതായാണ്, DARPG യുടെ വെബ്ബ് സൈറ്റിൽ നിന്നും ലഭിക്കുന്ന വിവരം. പൗരാവകാശ രേഖ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്ന വസ്തുത ഈ വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.



**പൗരാവകാശരേഖയുടെ ഘടന**

പൗരാവകാശരേഖയുടെ രൂപീകരണ സമയത്ത് DARPG പുറത്തിറക്കിയ പൗരാവകാശരേഖ സംബന്ധിച്ച ലഘുപുസ്തകമാണ് ഇതുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിക്കപ്പെട്ട സമഗ്ര ഗ്രന്ഥം. പ്രായോഗിക തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ഉതകുന്ന തരത്തിലുള്ള പൗരാവകാശരേഖകളുടെ രൂപീകരണത്തെക്കുറിച്ച് ഇതിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ക്രമത്തിലാണ് രേഖാരൂപീകരണത്തെപ്പറ്റി പുസ്തകത്തിൽ പറയുന്നത്.

1. കർമ്മസേനയുടെ രൂപീകരണം
2. സ്ഥാപനവുമായി ബന്ധപ്പെട്ടവരുടെ വിവരങ്ങളും സ്ഥാപനം നല്കുന്ന സേവനങ്ങളും
3. ഇടപാടുകാരുമായും ഉടമസ്ഥരുമായും ഉദ്യോഗസ്ഥതലത്തിലുമുള്ള കൂടിയാലോചനകൾ
4. രേഖയുടെ കരട് നിർമ്മാണം(ആശയ രൂപീകരണത്തിനും, തിരുത്തലിനും)
5. കരട് സ്ഥാപനത്തിന്റെ ഉന്നത നേതൃത്വത്തിന്റെ പരിഗണനക്ക് സമർപ്പിക്കൽ.
6. ഉന്നത സമിതിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കരട് രേഖയിൽ വേണ്ട മാറ്റങ്ങൾ വരുത്തുക.
7. വകുപ്പ് മന്ത്രിയുടെ അംഗീകാരം.
8. രേഖയുടെ പകർപ്പ് കേന്ദ്ര ഭരണപരിഷ്ക്കാര പരാതി പരിഹാര വകുപ്പിന് സമർപ്പിക്കുക.
9. രേഖയുടെ ഔദ്യോഗികമായ പ്രസിദ്ധീകരണം.
10. ജനപ്രതിനിധികൾക്കും ഇടപാടുകാർക്കും പൗരാവകാശ രേഖയുടെ പകർപ്പ് വിതരണം ചെയ്യൽ



11. പൗരാവകാശരേഖയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പാക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുക.

വകുപ്പ് തലത്തിലുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് കൊണ്ടുള്ള (പ്രത്യേകിച്ച് ജനങ്ങളുമായി നേരിട്ട് ഇടപെടുന്നവരെ) സമഗ്രമായ ഒരു സമീപനമാണ് പൗരാവകാശരേഖയുടെ കൈപ്പുസ്തകത്തിൽ സൂചിപ്പിക്കുന്നത്. ഇത് കൂടാതെ പല മാർഗ നിർദ്ദേശങ്ങളും, നല്ല മാതൃകകളും ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഈ ഗ്രന്ഥത്തിന്റെ പുതുക്കിയ പതിപ്പ് DARPG 2010-ൽ പുറത്തിറക്കിയിട്ടുണ്ട്. പരാതി പരിഹാര പ്രക്രിയയുടെ വ്യവസ്ഥാപിതമായ പരിഷ്ക്കാരങ്ങളെക്കുറിച്ച് പ്രത്യേക പരാമർശമുണ്ട്. കേന്ദ്രീകൃത പൊതു പരാതി പരിഹാര-നിരീക്ഷണ സംവിധാനമായ CPGRAMS ന്റെ അവതരണം പുതിയ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുസേവന പ്രക്രിയയും, പരാതിപരിഹാര പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന **സേവോത്തം** സംവിധാനത്തെക്കുറിച്ചും ഈ പതിപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഈ പ്രയത്നങ്ങൾ പൊതുജന സേവന പ്രക്രിയ കാര്യക്ഷമമാക്കുന്നതിൽ എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ട് ? DARPG ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഇത് പഠിച്ച് വരികയാണ്.

**പൗരാവകാശരേഖയുടെ മൂല്യ നിർണ്ണയവും തുടർപ്രവർത്തനങ്ങളും**

1998-ൽ കേന്ദ്ര ഉപഭോക്തൃ ഏകോപന കൗൺസിലും D.A.R.P.G യും സംയുക്തമായി പൗരാവകാശരേഖകളുടെ വിലയിരുത്തൽ നടത്തുകയുണ്ടായി. 2002-2003 ൽ ഒരു ബാഹ്യ ഏജൻസിയുടെ സഹായത്തോടെ രേഖകളുടെ രണ്ടു തലങ്ങളിലുള്ള മൂല്യ നിർണ്ണയത്തിനായി ഒരു മാതൃക തയ്യാറാക്കുകയുണ്ടായി. പൊതുകാര്യകേന്ദ്രം (PAC) കർണ്ണാടക ഗവൺമെന്റിന്റെ എട്ട് വകുപ്പുകൾ തയ്യാറാക്കിയ പൗരാവകാശരേഖകളുടെ വിലയിരുത്തൽ നടത്തി. പൗരാവകാശ രേഖകളുടെ തത്വങ്ങൾക്കധിഷ്ഠിതമായ, സമഗ്രമായ വിലയിരുത്തലാണ് കേന്ദ്രം നടത്തിയത്. Transparency International എന്ന സംഘടനയും, രാജ്യ ദേശീയ ഉത്പാദക കൗൺസിലും (NPC) രാജ്യത്തെ വിവിധ പൗരാവകാശ രേഖകളുടെ



വിശദമായ പരിശോധന നടത്തുകയും മാർഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. 2007 ൽ (PAC) നടത്തിയ സമഗ്രമായ മൂല്യനിർണ്ണയത്തിൽ ചില പ്രധാനപ്പെട്ട വിവരങ്ങൾ കൂടി പൗരാവകാശരേഖയുടെ തത്വങ്ങളിൽ കൂട്ടിച്ചേർത്തു.

- വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
- പ്രധാന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ.
- പരാതി പരിഹാര സംവിധാനത്തിന്റെ പൂർണ്ണ വിവരങ്ങൾ.
- ലളിതമായ ഭാഷയുടെ ഉപയോഗം.

മുകളിൽ വിവരിച്ച പഠനങ്ങൾ നിരവധി കാര്യങ്ങൾ തുറന്നുകാട്ടി. പല പൗരാവകാശരേഖകളും പൂർണ്ണമായിരുന്നില്ല. രേഖയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ മിക്കവയും പല രേഖകളിലും അടങ്ങിയിട്ടുണ്ടായിരുന്നില്ല. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ അഭിമുഖത്തിലൂടെ ഇവരിൽ പലരും രേഖയുടെ നിർമ്മാണത്തിന്റെ ഭാഗമായിരുന്നില്ല എന്നും വ്യക്തമായി.

ഈ പഠനങ്ങൾ പൗരാവകാശരേഖയുടെ മുന്നോട്ടുള്ള പ്രയാണത്തിന്, പല നിർണ്ണായകമായ നിർദ്ദേശങ്ങളും നൽകുന്നുണ്ട്. മുഴുവൻ സ്ഥാപനങ്ങളും പൗരാവകാശരേഖയുടെ അടിസ്ഥാന തത്വങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്താൻ സാധിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും ജനങ്ങളുമായി നിരന്തര ബന്ധം പുലർത്തുന്ന ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു എന്ന് ഉറപ്പു വരുത്തുകയും വേണം.

രാജ്യത്ത് നിലവിലുള്ള മുഴുവൻ പൗരാവകാശ രേഖകളും പുനർമൂല്യ നിർണ്ണയം നടത്തി, തത്വങ്ങൾക്കനുസരിച്ച് പൂർണ്ണമാക്കാൻ ശക്തമായ ശ്രമങ്ങൾ ആവശ്യമാണ്. ഓരോ സ്ഥാപനവും, അവരുടെ രേഖ പൂർണ്ണമാണെന്നും ലക്ഷ്യം നിറവേറ്റാൻ പ്രാപ്തമാണെന്നും ഉറപ്പുവരുത്താൻ ശ്രദ്ധിക്കണം. ഇതിനായി മുഴുവൻ ഉദ്യോഗസ്ഥരുടെയും, പുറത്തുനിന്നുള്ള വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തണം. നിരന്തരമായ പരിശോധനകളും, ചുമതല



നിർവ്വഹണത്തിലെ കൃത്യതയും പൊതുജനങ്ങളിൽ നിന്നുള്ള പ്രതികരണവും പൗരാവകാശരേഖയുടെ മെച്ചപ്പെടുത്തലിന് ഗുണകരമാകും.

വ്യക്തമായി നിർവ്വചിക്കപ്പെട്ട പൗരാവകാശരേഖയിലധിഷ്ഠിതമായി, ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണത്തിനും പരാതി പരിഹാര നടപടികൾക്കും പുതിയ നിയമ നിർമ്മാണത്തിന്റെ ആവശ്യകതയേ ഇല്ല. വരും വർഷങ്ങളിൽ പൗരാവകാശ രേഖ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടായില്ലെങ്കിൽ ഈ സംരംഭം നിത്യ വിശ്രമത്തിലേക്ക് നീങ്ങും എന്നുള്ളത് വ്യക്തമാണ്.

**യോജന**

**ഫെബ്രുവരി 2018.**



# The Rise of A Science Superpower

## Ananth Krishnan

Driverless cars that can survive nearly all accidents. Hospitals and restaurants that use face recognition software to access patients' medical history and to order your favourite dish. Artificial Intelligence (AI) that guides a city's traffic movements, predicts traffic congestion and even arranges bicycles for commuters. Intelligent applications that get approvals for bank loans fa ster than one can imagine. A 'big brother' surveillance that uses 'big data' to predict street crime and also tracks citizens' movements using one of the most powerful face recognition programmes.

This isn't a peep into an Orwellian future. This is today's China. No country is moving faster than China in harnessing 'big data' and AI to power its industries-what most experts see as the next technological wave. In September last year, Beijing outlined a plan aimed at deploying AI technology across sectors-from education to transport. For China, AI is at the heart of its technological leap forward.

**THE NEW 'MADE IN CHINA'**

For Many in India, a 'Made in China' caricature that comprises fakes, cheap toys and electronics is widely pervasive. But in truth, Chinese manufacturing today is far removed from the "world's factory" that drove Beijing's export-led growth two decades ago. In Xian, for instance, robots have replaced workers in a factory that is churning out one of the world's most advanced laser diodes. In Guizhou, China is building one of the world's largest 'big data' facilities. In Beijing's technological hub of Zhongguancun, internet companies that began as start-ups are now global behemoths. Of the top 10 biggest internet companies in the world by revenue, four are Chinese-e-commerce giants JD and Alibaba; Tencent, which is behind the social media app WeChat; and Baidu, which started as a search engine and is now leading the AI push, including in autonomous cars. In comparison, only one of India's top IT companies is among the top 25- Flipkart. China has more than 700 mi11ion internet users-more than double of India's.

China's tech push is rapidly closing the gap with the United States of America. Alarmed by China's strides, especially in AI, the Barack Obama administration had outlined a National



Artificial Intelligence Research and Development Strategic Plan, which noted that the trends of AI research “reveal the increasingly global nature of research, with the US no longer leading the world in publication numbers”. That mantle has now gone to China. The US plan said that the impact of AI on society “will continue to increase, including on employment, education, public safety and national security, as well as the impact on US economic growth.

“In algorithms, the gap between China and America is becoming smaller”, says Tu Zipei, a former president of Alibaba. “ This is a big chance for China to become an AI leader”, adds Tu, pointing to how China, more than any other country, is best situated to make the next big tech leap. As he puts it, “data is the soil for AI to grow”.

**THE WECHAT GENERATION**

The two biggest digital innovations in China at the centre of its data deluge have been Alibaba and Tencent’s WeChat, which has 1 billion users. Alibaba has transformed businesses, and We Chat is perhaps the most innovative social media platform in the world. It’s often wrongly described as a Chinese WhatsApp, but it’s far more advanced. In fact, it introduced voice and video calls years before WhatsApp did. It’s to some degree an amalgam of WhatsApp, Facebook and Paytm-users can post photographs, messages and use its e-wallet. In fact, this correspondent found that it’s possible to spend a day completely cashless in Beijing-from buying movie tickets and ordering taxis to paying electricity and gas bills with the touch of a fingerprint. “WeChat generates 100 million photos every day.” says Tu. “It’s only logical that Tencent develops the best face recognition technology in the world. And it will transform into an AI company eventually.”

**THE AI RACE**

Among the companies betting big on Al is Uisee in Beijing. It is developing autonomous cars. “We want to use AI and ‘big data’ to transform society,” says Wu Gansha, co-founder-CEO. “From traffic jams to accidents to air pollution to city layout, autonomous d riving can do a lot to remove society’s problems. Our driverless cars are operating in Hangzhou without one accident in three months.” Wu is working with the government to take the Hangzhou experiment nationwide, and believes China is more bullish than the US. “I have been involved in several discussions with the Ministry of Industry and IT, and they believe that autonomous cars are an



integral part of smart cities. China has planned 1,000 new towns by 2020. So We have the opportunity of having 1,000 new towns that are autonomous car-friendly" Wu says.

Kaifu Lee, who earlier headed Google China and now runs Sinovation Ventures, an Al-focused investment firm, believes that China's AI industry incentives are "world leading". "If you are a credible venture capital fund setting up a fund in a region, the government will be a leading investor in your fund upto one-third. If you do well, you can buy back shares from the government. If you don't, they subsidise your losses," says Lee.

Lee adds that if the first wave was the internet, the second wave is "applying AI to businesses that have digitised data", which China is pushing under its AI policy across every sector-from banking to healthcare to transport. The third wave, he says, is robotics and autonomous vehicles, where China is positioning itself to dominate.

**THE NEW CHINESE WORKER**

Robots have replaced workers on the assembly lines of Focus light, a company in Xi'an, the ancient city famous for its terracotta warriors. The 10- year- old company manufactures advanced laser products used in industries ranging from space to information technology to life sciences. It's a story that reflects China's tech transformation.

China's success in manufacturing is underpinning it moves in AI and other fields, where the 'Made in China 2025' plan envisages a revolution in smart manufacturing. Under the plan, China reached out to entrepreneurs like Focuslight founder Victor Liu, who, when he left Silicon Valley in 2006, was a reluctant returnee to his homeland. By then, China was a manufacturing behemoth, but was nowhere near the West when it came to innovation. Liu was part of the first batch of a government programme to bring back some of the talent that China, like India, had lost to the West.

However, where the two countries' experiences differ is in Beijing's determination to bring back this talent, demonstrated with action. Liu was told that he was required to innovate. He was offered a 10 million Yuan (Rs 10 crore) research fund, and a 1 million Yuan tax-free relocation package. Supported by the influential Chinese Academy of Sciences, he launched Focus light, which would make advanced laser diodes, and in less than five years, begin to rival



the American and European giants that Liu once worked for and become the third most advanced firm in the world in its field. Focuslight serves as a poster of ‘’Made in China 2025', and a company emblematic of Made in China 2.0- high- tech manufacturing that Beijing hopes will replace the older export-driven Made in China of cheap goods.

“What people do not understand is manufacturing is key to innovation; manufacturing allows you to have an idea of how to design and produce a product,” Liu says, “I cannot emphasise enough how important the ecosystem, policy and administration are. It can make life difficult for you, whether taxes or something else, or it can be transformative.”

**BIG BROTHER IS WATCHING**

For China, building a digital state is being seen as a crucial weapon for the one-party regime to strictly maintain social control. In November last year, a video went viral showing a Chinese company’s face-recognition technology being used by the government-at a busy traffic intersection every passerby was identified by an ID number. The company, SenseFaee, is deploying its technology in Beijing, Chongqing Guangdong, Sichuan and Hainan, and according to its CEO, it has caught 69 alleged criminals/ suspects in 40 days in one city. Sky Net is a nation-wide system of millions of AI-powered cameras that watch streets, tracking traffic violations and crime. While the government says this will stop crime, it may also mean the end of privacy.

**LESSONS FOR INDIA**

In India, the impression that China can produce only cheap imitations is widespread. If anything, China’s story warns of the dangers of complacency in such assumptions. “I don’t think anyone would have foreseen 15 years ago that four of the 10 biggest internet companies would be Chinese,” says Kaiser Kuo, who worked with Baidu until 2016. Kuo says there is a misplaced perception that only China is blocking foreign competition to enable the rise of its giants. “Twitter was blocked in 2009, Google didn’t pull out until March 2010, but even by then these companies were far behind their competitors,” he says.

There are lessons from China’s digital economy that question conventional wisdom on innovation, Kuo says. Even Americas story shows the importance of government in creating the right conditions. “The mythology of Silicon Valley forgets the extent to which defence department expenditures played a role. The internet is a primary example. The state has been smart in China



in knowing when to get out of the way, in setting the tax policies, in encouraging recruitment, in putting in place the infrastructure and in bringing back the Chinese entrepreneurs".

Shashank Reddy, who studies AI policy at Carnegie India, agrees. "In terms of data, India offers the same advantages as China-1.3 billion people have been en rolled in Aadhaar. The problem seems to be that nobody has managed to make use of these conditions. We don't have a Google or Baidu that create the data you need to build a credible AI system. The history of the biggest technological innovations of our times shows there's a lot of government backing and support that went into it," he says.

The Union government appears to be listening. For the first time, the Union budget has specifically mentioned AI, robotics and machine learning, while the allocation for Digital India has been doubled to Rs 3,000 crore, though a detailed policy is still awaited. The importance of AI to national security is beginning to be realised, with the defence ministry announcing a new task force on employing AI for national security and defence need on February 2. The task force brings together the private and public sectors, and will be chaired by N. Chandrasekaran of Tata Sons. Its members will include officials from the Defence Research and Development Organisation, government and educational institutions, IITs, and Reddy of Carnegie.

It is clear that the rise of digital China is changing conventional wisdom on what it takes to innovate. As Kuo puts it, "Indians, like Americans, have this idea that freedom of expression is a necessary condition for innovation to happen. What's dangerous is if you think it's a sufficient condition to make people innovate." China is rewriting the rulebook, and India will ignore this transformation at its peril.

**INDIA TODAY,**

**February 19, 2018.**



# Immune to Accountability

## Kundan Pandey

Why, after all is the medical fraternity afraid of the Clinical Establishments (Registration and Regulation) Act? Back in 2010, when the law, henceforth referred to as CEA, was notified, it was hailed as a model one. The law, which is applicable to all types of health establishments and all streams of medicine, aims to streamline healthcare services across the country, while ensuring private hospitals do not engage in unethical practices. But eight years on, nothing much has changed on the ground. Doctors, especially those associated with private clinics and hospitals, are dictating the term of CEA to such an extent that states are succumbing to the pressure and dragging their feet over implementing the law, despite a recent reminder by the Centre.

Sample this : in November last year, as the Haryana government was getting ready to enforce CEA, which it had adopted three years ago, it faced a massive opposition from the state chapter of the Indian Medical Association (IMA). On December 15, outpatient services were suspended at all private hospitals in the state. Succumbing to pressure, the government has announced that hospitals that have under 50 beds will be exempted from the purview of the Act.

